കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിമുക്തഭടന്റെ/ഭടന്റെ വിധവയുടെ ഭവനത്തിന് വസ്തു നികുതി ഒഴിവ് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.171/09/തസ്വഭവ. തിരുവനന്തപുരം, തീയതി 29/08/2009

---

പരാമർശം: 1. 01/01/2005-ലെ ജി.ഒ.(എം.എസ്) 3/05/തസ്വഭവ നമ്പർ ഉത്തരവ്
2. 23/04/2005-ലെ ജി.ഒ.(എം.എസ്) 111/05/തസ്വഭവ നമ്പർ ഉത്തരവ്
3. 28/05/2008-ലെ ജി.ഒ.(എം.എസ്) 146/08/തസ്വഭവ നമ്പർ ഉത്തരവ്
4. 25/07/2008-ലെ ജി.ഒ.(എം.എസ്) 212/08/തസ്വഭവ നമ്പർ ഉത്തരവ്.

## ഉത്തരവ്

വിമുക്തഭടനോ, ഭടന്റെ വിധവയോ താമസിക്കുന്ന ഒരു വീടിനുമാത്രം വസ്തു നികുതി ഒഴിവു നൽകികൊണ്ടും, അത്തരം ഭവനത്തിന്റെ നമ്പർ സഹിതം, മറ്റൊരു കെട്ടിടത്തിനും നികുതി ഒഴിവു സ്വീകരിക്കുന്നില്ലെന്ന് സത്യവാങ്മൂലം നൽകി അപേക്ഷ നൽകാനും വ്യക്തമാക്കി കൊണ്ട് പരാമർശം 4-ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ വിമുക്തഭടനോ, വിധവയോ താമസിച്ചു വരുന്നു എന്ന കാരണത്താൽ നികുതി ഒഴിവു നേടാനുള്ള അപേക്ഷകൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. അതുപോലെ തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകളെ നികുതി ഒഴിവിനായി പരിഗണിക്കുന്നില്ലെന്നും പരാതി ലഭിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങൾ പരിശോധിച്ച് ഈ വിഷയത്തിൽ സർക്കാർ താഴെപറയുന്ന സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

1. വിമുക്തഭടനോ ഭടന്റെ വിധവയോ താമസത്തിനായി ഉപയോഗിക്കുന്നതും വിമുക്തഭടന്റെയോ വിധവയുടെയോ സ്വന്തം പേരിലുള്ളതുമായ ഒരു ഭവനത്തെ തറവിസ്തീർണ്ണം നോക്കാതെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്.

2. നികുതിയിളവ് ആവശ്യമുള്ള വിമുക്തഭടൻ/വിധവ കെട്ടിടത്തിന്റെ നമ്പർ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അപേക്ഷ നൽകേണ്ടതും മറ്റൊരു കെട്ടിടത്തിനും ഈ ആനുകൂല്യം സ്വീകരിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം അപേക്ഷയോടൊപ്പം നൽകേണ്ടതുമാണ്.

3. വിമുക്തഭടനോ ഭടന്റെ വിധവയോ താമസിക്കുന്ന മറ്റാരുടെയെങ്കിലും ഉടമസ്ഥതയിലുള്ള വീടിന് നികുതി ഒഴിവ് നൽകുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
രാജേഷ്കുമാർ സിംഗ്
സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

എല്ലാ മേയർമാർക്കും/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ,
തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും
പ്രസിദ്ധീകരിക്കുന്നതിനും)
പബ്ലിക് റിലേഷൻസ് ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്
പകർപ്പ്:- തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറിയുടെ പി.എ യ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ